25423
28/11/17

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - കുളത്തൂപ്പുഴ റെയിഞ്ചിന്റെ പരിധിയിലെ കുളത്തൂപ്പുഴയാറിലെ (കല്ലടയാർ) അംഗീകൃത കടവുകളായ ചോഴിയക്കോട്, മിൽപ്പാലം കടവുകളിൽ നിന്നുള്ള മണൽ ശേഖരണം മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (സി) വകുപ്പ്

ജി.ഒ.(ആർ.റ്റി) നം.456/2017/വനം തിരുവനന്തപുരം തീയതി 23.11.201

പരാമർശം : 1. ജി.ഒ.(ആർ.റ്റി) നം.29/2013/വനം തീയതി 16.01.2013
2. ജി.ഒ.(എം.എസ്) നം.67/2017/റവന്യ തീയതി 04.03.2017
3. ജി.ഒ.(ആർ.റ്റി) നം.2071/2017/റവന്യ തീയതി 03.05.2017
4. കൊല്ലം ജില്ലാ പരിസ്ഥിതി ആഘാത നിർണ്ണയ സമിതിയുടെ 26.05.2017 ലെ എച്ച്/ഡിഇഐഎഎ/കെഎൽഎം/4314/17 നമ്പർ എൻവയോൺമെന്റൽ ക്ലിയറൻസ്.
5. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 28.03.17, 20.06.17, 24.10.17 എന്നീ തീയതികളിലെ ഇ&റ്റിഡബ്ളിയു 3-16864/17 നമ്പർ കത്തുകൾ.

## ഉത്തരവ്

തിരുവനന്തപുരം വനം ഡിവിഷനിൽപ്പെട്ട കുളത്തൂപ്പുഴ റേഞ്ചിലെ അംഗീകൃത കടവുകളിൽ നിന്നും ഗാർഹിക ആവശ്യത്തിനായി മണൽ ശേഖരിച്ച് വിപണനം ചെയ്യുന്നതിന് പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. പുതുക്കിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി കുളത്തൂപ്പുഴ റെയ്ഞ്ചിൽപ്പെടുന്ന മിൽപ്പാലം ചൊഴിയാക്കോട് കടവുകളിലെ മണൽ വനശ്രീ സാന്റ് ഡിപ്പോ വഴി ശേഖരിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് പരാമർശം (5) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എ.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സീനിയറേജ് നിരക്ക്, ചരക്ക് - സേവന നികുതി (GST), മറ്റ് നിരക്കുകൾ എന്നിവ സഹിതം 01 m3 (ഒരു ഘനമീറ്റർ) മണൽ 5635/- (അയ്യായിരത്തി അറുന്നൂറ്റി മുപ്പത്തിഅഞ്ച്) രൂപ നിരക്കിലും ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് സീനിയറേജ് നിരക്ക്, ചരക്ക് - സേവന നികുതി (GST), മറ്റ് നിരക്കുകൾ എന്നിവ സഹിതം 01 m3 (ഒരു ഘനമീറ്റർ) മണൽ 2993/- (രണ്ടായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിമൂന്ന്) രൂപ നിരക്കിലും നൽകുവാനും പരാമർശം (1) ലെ വ്യവസ്ഥകളോടൊപ്പം താഴെ പറയുന്ന വ്യവസ്ഥകൾ കൂടി ഉൾപ്പെടുത്തി അംഗീകാരം നൽകി ഉത്തരവാകുന്നു.

1. സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയിയുടെ ഗുണഭോക്താക്കളായ ബിപി.എൽ വിഭാഗത്തിൽപ്പെട്ടവർ അവരവരുടെ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട അധികാരിയിൽ നിന്നും സർക്കാരിന്റെ ഭവന നിർമ്മാണ പദ്ധതിയ്ക്കായി ലഭിച്ച അനുമതി കൂടി സമർപ്പിക്കേണ്ടതാണ്.
2. കൊല്ലം ജില്ലയിലും തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലും ഉൾപ്പെട്ട അപേക്ഷകർക്ക മാത്രമായി മണൽ വിതരണം പരിമിതപ്പെടുത്തേണ്ടതാണ്.
3. വാറ്റ് (VAT) നിരക്കിനു പകരമായി നിലവിലുള്ള ചരക്ക് - സേവന നികുതി (GST) നിരക്ക് ഈടാക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ജയിംസ് വർഗ്ഗീസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി & പി.എഫ്.എം), തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എൽ.ആർ), തിരുവനന്തപുരം
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സതേൺ സർക്കിൾ), കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ആന്റ് എ ആന്റ് ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (ഹൗസിംഗ്) വകുപ്പ്
ധനകാര്യ (ആർ.എം.സി) വകുപ്പ് (14.11.2017 ലെ 509698/ആർ.എം.സി 2/2017/ധന പ്രകാരം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ